**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5649** **08-07-2024 - ൽ മറുപടിയ്ക്ക്**

**സൈബർ തട്ടിപ്പിനെതിരെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നൂതന നടപടികൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. കെ. ജെ. മാക്സി</td><td colspan="2">ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</td></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് സൈബർ തട്ടിപ്പ് പുതുരൂപങ്ങളിൽ കൂടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;</td><td>(എ)</td><td>ഇന്ത്യ ഉൾപ്പെടെ വിവിധ രാജ്യങ്ങളിൽ വർദ്ധിച്ചു വരുന്നതിനനുസരിച്ച് സംസ്ഥാനത്തും സൈബർ തട്ടിപ്പുകൾ പുതുരൂപത്തിൽ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>National Cyber Crime Reporting Portal (NCRP) - ൽ ലഭ്യമായ വിവരം അനുസരിച്ച് സംസ്ഥാനത്ത് Credit Card/Debit Card scam, SIM Swap scam, Demat/Depository Scam, Job Scam, Loan App/Loan Scam, Matrimony fraud, Fake Online Advertisement, Online Game, investment scam, Fake E-Wallet scam, Social media Advertisement scam, Fake Yono App scam, OLX scam, Fake FedX Courier scam, TRAI scam, Gift Scam, Honey trap scam, Identity theft, Impersonation, Fake Customer Care scam, Online Purchase scam, Trading/business scam, Phishing/Smishing, Screen Sharing App scam, Sextortion, Vishing എന്നീ വിവിധ തരത്തിലുള്ള ഓൺലൈൻ സാമ്പത്തിക തട്ടിപ്പുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>എങ്കിൽ കഴിഞ്ഞ 5 വർഷക്കാലയളവിൽ ഓരോ വർഷവും എത്ര പരാതികൾ ലഭ്യമായെന്നും എത്ര കേസുകൾ രജിസ്റ്റർ ചെയ്തു എന്നും അറിയിക്കാമോ; പ്രസ്തുത കാലയളവിൽ എത്ര കേസ്സുകളിൽ പ്രതികളെ കണ്ടെത്തി നിയമ നടപടിക്ക് വിധേയമാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;</td><td>(ബി)</td><td>കഴിഞ്ഞ 5 വർഷക്കാലയളവിൽ സൈബർ തട്ടിപ്പ് സംബന്ധിച്ച് ലഭ്യമായ പരാതി/രജിസ്റ്റർ ചെയ്ത കേസുകളുടെ (IT Act cases) വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.<br><br>
<table>
<tr><th>വർഷം</th><th>ലഭിച്ച പരാതികളുടെ എണ്ണം</th><th>ആയത് പ്രകാരം രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം</th><th>ടി കേസുകളിൽ പ്രതികളെ അറസ്റ്റ് ചെയ്ത കേസുകളുടെ എണ്ണം</th><th>ടി കേസുകളിൽ ചാർജ്ജ് ഷീറ്റ് സമർപ്പിച്ച കേസുകളുടെ എണ്ണം</th></tr>
<tr><td>2019</td><td>893</td><td>156</td><td>55</td><td>47</td></tr>
<tr><td>2020</td><td>2598</td><td>145</td><td>45</td><td>55</td></tr>
<tr><td>2021</td><td>10726</td><td>362</td><td>175</td><td>164</td></tr>
<tr><td>2022</td><td>20355</td><td>381</td><td>165</td><td>137</td></tr>
<tr><td>2023</td><td>32043</td><td>2433</td><td>194</td><td>105</td></tr>
<tr><td>2024 (30.06.2024 വരെ)</td><td>20055</td><td>1607</td><td>203</td><td>28</td></tr>
</table></td></tr>
<tr><td>(സി)</td><td>ഇത്തരം തട്ടിപ്പുകളിൽപ്പെടാതെ പൊതുജന സംരക്ഷണം ഉറപ്പാക്കാൻ ആഭ്യന്തരവകുപ്പ് നൂതനമായ എന്തൊക്കെ നടപടിയാണ്</td><td>(സി)</td><td>സൈബർ തട്ടിപ്പുകൾ തടയുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>05.01.2024-ൽ സർക്കാർ ഉത്തരവ് (കൈ)നം.04/2024/ആഭ്യ. പ്രകാരം സംസ്ഥാനത്ത് സൈബർ പോലീസ് ഡിവിഷൻ ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. കൂടാതെ എല്ലാ പോലീസ് ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷനുകളും പ്രവർത്തിച്ചു വരുന്നു.<br><br>• ഓൺലൈൻ ലോൺ തട്ടിപ്പുകളെ കുറിച്ച് വിവരം നൽകുന്നതിനായി കേരള പോലീസിന്റെ 9497980900 എന്ന വാട്സ്ആപ്പ് നമ്പറും 1930 എന്ന ടോൾ ഫ്രീ നമ്പറും 24 മണിക്കൂറും</td></tr>
</table>

| | | | |
|---|---|---|---|
| | സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | ലഭ്യമാണ്.<br>• റിസർവ് ബാങ്ക് ഓഫ് ഇന്ത്യ അംഗീകരിച്ച നോൺ ബാങ്കിംഗ് ഫിനാൻഷ്യൽ കോർപ്പറേഷൻ ലിസ്റ്റിൽ ഉൾപ്പെട്ട ലോൺ ആപ്പുകളെ കുറിച്ചും ഓൺലൈൻ ലോൺ തട്ടിപ്പുകളെ കുറിച്ചും ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതിനും മുഖ്യധാരാ മാധ്യമങ്ങളിലൂടെയും സാമൂഹ്യ മാധ്യമങ്ങളിലൂടെയും പ്രചരണ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്.<br>• സൈബർ ഓപ്പറേഷൻസ് വിഭാഗവും സൈബർ ഡോം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് യൂണിറ്റുകളും സൈബർ പട്രോളിംഗ് നടത്തി സൈബർ തട്ടിപ്പ് സംഘങ്ങളെ കണ്ടെത്തി സൈബർ സ്പേസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നതാണ്.<br>• സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി നാഷണൽ സൈബർ ക്രൈം പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. 1930 എന്ന നമ്പരിൽ നിന്നും പോർട്ടൽ മുഖേന (www.cybercrime.gov.in) ഓൺലൈനായും പൊതുജനങ്ങൾക്ക് പരാതി അറിയിക്കാവുന്നതാണ്. സാമ്പത്തിക തട്ടിപ്പുകളുമായി ബന്ധപ്പെട്ട് അന്വേഷണ ഏജൻസികളും ബാങ്കുകൾ, RBI, സാമ്പത്തിക ഇടനിലക്കാർ, പേയ്മെന്റ് വാലറ്റുകൾ, NPCI മുതലായവ ഒരുമിച്ച് പ്രവർത്തിക്കുന്ന ഒരു പൊതു സംയോജിത പ്ലാറ്റ്ഫോമാണ് നാഷണൽ സൈബർ ക്രൈം പോർട്ടൽ. തട്ടിപ്പുകാരിലേക്ക് പോകുന്ന പണത്തിന്റെ ഒഴുക്ക് തടയുന്നതിന് ദ്രുതഗതിയിലുള്ള നടപടി സ്വീകരിക്കാൻ ഇതുവഴി കഴിയുന്നു.<br>• കൂടാതെ സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് പോലീസ് ഉദ്യോഗസ്ഥരെ സജ്ജരാക്കുന്നതിനായി പോലീസ് ട്രെയിനിംഗ് കോളേജിലും, സൈബർ ക്രൈമുമായി ബന്ധപ്പെട്ട കോഴ്സുകൾ നിരന്തരം നടത്തി വരുന്നു. സൈബർ ഇടപാടുകളിലെ ചതിക്കുഴികളെ സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരണം നടത്തുന്നതിലേയ്ക്കായി പത്ര - ദൃശ്യമാധ്യമങ്ങൾ വഴി അറിയിപ്പുകൾ നൽകുകയും, വിവിധ സാമൂഹ്യ സംഘടനകൾ, ക്ലബ്ബുകൾ, സ്കൂളുകൾ, കോളേജുകൾ, റസിഡൻസ് അസോസിയേഷനുകൾ മുതലായവയുടെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടികളും ക്ലാസുകളും നടത്തി വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ